KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

നം. പി.എസ് 8/ജി.എൽ/ജി.പി.എ.ഐ.എസ്/2019 തീയതി : 17.03.2020

## പരിപത്രം

വിഷയം:- ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2020 വർഷത്തേയ്ക്കുള്ള പ്രീമിയം തുക കുറവ് ചെയ്യുന്നതിനും ഒടുക്കുന്നതിനുമുള്ള സമയപരിധി ദീർഘിപ്പിച്ച് - പരിപത്രം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. 18.11.2019 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നം.159/2019/ ധന.
2. 29.12.2019 തീയതിയിലെ ഓഫീസ് ഉത്തരവ് (CMD)No.2358/2019 (PS8/GL/GPAIS/2019).
3. 28.01.2020 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നം.11/2020/ധന.
4. 20.02.2020 – ലെ ഇൻഷ്വറൻസ് ഡയറക്ടറുടെ KSID/SLI-GIS/GST/T 106200769 നമ്പർ കത്ത്.
5. 11.03.202 – ൽ KSEB Ltd – ലെ മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച PS8/GL/GPAIS/2019 നമ്പർ കുറിപ്പിന്മേലുള്ള തീരുമാനം.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 01.01.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പുതുക്കി സൂചന (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ബാധകമാക്കിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2020 വർഷത്തേയ്ക്ക് പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ ലഭിച്ചതിന്റെയും 31. 03. 2020 വരെ സമയ പരിധി ദീർഘിപ്പിയ്ക്കുന്നതിനുള്ള ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 2019 ഡിസംബർ 31 ന ശേഷം പ്രീമിയം ഒടുക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, പ്രീമിയം കിഴിവുനടത്തുന്ന തീയതി മുതൽ മാത്രമായിരിക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി, 2019 നവംബർ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പ്രീമിയം തുക ഒടുക്കുവാൻ കഴിയാതിരുന്ന, 31.12.2019 നകം സർവ്വീസിൽ പ്രവേശിച്ച അർഹരായ ജീവനക്കാർക്ക്, 2020 ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിനോടൊപ്പം 31.03.2020 വരെ പ്രീമിയം തുക "8658-102-88-സസ്പെൻസ് അക്കൗണ്ട്- ജി.പി.എ.ഐ ഫണ്ട്" എന്ന ശീർഷകത്തിൽ ഒടുക്കി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ കഴിയുന്ന തരത്തിൽ സമയപരിധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2020 ജനുവരി മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാരെ 2020 – ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.

മേൽ സർക്കാർ ഉത്തരവ് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് KSEB ലിമിറ്റഡിനും ബാധകമാക്കിക്കൊണ്ട് ഇതിനാൽ പരിപത്രം പുറപ്പെടുവിക്കുന്നു. KSEB Ltd ലെ ഓഫീസർമാരുടേയും ജീവനക്കാരുടേയും 2020 ഫെബ്രുവരി മാസത്തെ ശമ്പളം വിതരണം ചെയ്ത് കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ, ഫിനാൻഷ്യൽ അഡ്വൈസറുടെ കാര്യാലയത്തിൽ നിന്നും GPAIS പ്രീമിയം തുകയ്ക്കുള്ള (850/- രൂപ) ക്രെഡിറ്റ് അനുവദിക്കുന്നതിലേയ്ക്കായി 'Statutory Remittance' – ന്റെ പരിധിയിൽ നിർദ്ദിഷ്ട തുകയ്ക്കുള്ള വൗച്ചർ പാസ്സാക്കി 'Emergency Credit' – ലേയ്ക്ക് മാറ്റേണ്ടതാണെന്ന് എല്ലാ ARU തലവൻമാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു. 31.03.2020 തീയതിക്ക് ശേഷം പ്രീമിയം തുക ഒടുക്കുന്നതിന് അവസരം ഉണ്ടായിരിയ്ക്കുന്നതല്ല. സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മറ്റെല്ലാ വ്യവസ്ഥകളും ബാധകമാണ്.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.

ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

പി. എ ടു ഡയറക്ടർ (ഫിനാൻസ്)

ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)

ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)

ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}

ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}

കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്

സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)

ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ

ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.

ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/

ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)

ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്